**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1525** **30-08-2022 - ൽ മറുപടിയ്ക്ക്**

**ഭൂമി തരം മാറ്റത്തിനുള്ള അപേക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഭൂമി തരം മാറ്റത്തിനുള്ള എത്ര അപേക്ഷകളാണ് സംസ്ഥാനത്ത് നിലവിൽ തീർപ്പാക്കാനുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (എ) | ഭൂമി തരം മാറ്റത്തിനായി, സംസ്ഥാനത്ത് നിലവിൽ തീർപ്പാക്കാൻ ശേഷിക്കുന്ന അപേക്ഷകൾ സംബന്ധിച്ച്, ജില്ല തിരിച്ചുള്ള പട്ടിക, അനുബന്ധമായി ചേർത്തിട്ടുള്ളതാണ്. |
| (ബി) | ഏത് കാലയളവ് വരെയുള്ള അപേക്ഷകളിലാണ് നാളിതുവരെ പൂർണമായും തീർപ്പ് കൽപ്പിക്കാൻ സാധിച്ചിട്ടുള്ളതെന്നും അവശേഷിക്കുന്ന അപേക്ഷകൾ എത്ര കാലയളവിനുള്ളിൽ തീർപ്പാക്കാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ; | (ബി) | നിയമാനുസൃതം തീർപ്പ കൽപ്പിക്കാൻ സാധ്യമായ, 2019 വരെയുള്ള ഓഫ് ലൈൻ അപേക്ഷകൾ പൂർണ്ണമായും, 2020, 2021 വർഷങ്ങളിലെ അപേക്ഷകൾ ഭാഗികമായും, തീർപ്പാക്കുവാൻ സാധിച്ചിട്ടുള്ളതാണ്. തീർപ്പാക്കുവാൻ ശേഷിക്കുന്ന ഓഫ് ലൈൻ അപേക്ഷകൾ, 2022 നവംബർ 1 -നകം തീർപ്പാക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുള്ളതാണ്. കൂടാതെ, 10.01.2022 മുതൽ, ഓൺ ലൈൻ ആയി ലഭിച്ചിട്ടുള്ള അപേക്ഷകൾ, സമയ ബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുള്ളതാണ്. വിഷയത്തിന്റെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് എല്ലാ ആഴ്ചകളിലും റവന്യൂ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേരുന്ന റവന്യൂ സെക്രട്ടേറിയറ്റ്, തീർപ്പാക്കലിന്റെ പുരോഗതി വിലയിരുത്തിക്കൊണ്ട് സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നതിനായി നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്. |
| (സി) | കൂടുതൽ ജീവനക്കാരെ നിയോഗിച്ചിട്ടും വകുപ്പ് മന്ത്രി പ്രഖ്യാപിച്ച കാലയളവിനുള്ളിൽ പഴയ അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ? | (സി) | 22.02.2022-ലെ സ.ഉ(കൈ) നം. 56/2022/RD പ്രകാരമുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചും, നിശ്ചിത സമയങ്ങളിൽ അദാലത്തുകൾ നടത്തിയും ഫയൽ തീർപ്പാക്കൽ നടപടികൾ അതിവേഗം പൂർത്തിയാക്കുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തിയിട്ടുള്ളതാണ്. ഭൂമി തരം മാറ്റത്തിനായി സമർപ്പിക്കുന്ന അപേക്ഷകൾ അതിവേഗം തീർപ്പാക്കുന്നതിന് തീവ്രയജ്ഞ പരിപാടികൾ ആവിഷ്കരിച്ചിട്ടുള്ളതാണ്. ഇതോടനുബന്ധിച്ച് എല്ലാ ആഫീസുകളിലും, അപേക്ഷകളിൽ ഏകീകൃതമായ |

| | | | |
|---|---|---|---|
| | | | നടപടികൾ സ്വീകരിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനായി സ്റ്റാൻഡേഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ (SOP) തയ്യാറാക്കി നല്കിയിട്ടുള്ളതാണ്. ഇപ്രകാരമുള്ള നടപടികളിലൂടെ നവംബർ മാസത്തിനകം തന്നെ പഴയ അപേക്ഷകൾ തീർപ്പാക്കുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

| 19.08.2022 വരെ തീർപ്പാക്കാൻ ശേഷിക്കുന്ന അപേക്ഷകളുടെ ജില്ല തിരിച്ചുള്ള വിവരം | | | |
|---|---|---|---|
| **ക്രമ നമ്പർ** | **ജില്ല** | **ഓഫ് ലൈൻ** | **ഓൺ ലൈൻ** |
| 1 | തിരുവനന്തപുരം | 2420 | 8859 |
| 2 | കൊല്ലം | 2499 | 9426 |
| 3 | പത്തനംതിട്ട | 185 | 2612 |
| 4 | ആലപ്പുഴ | 4846 | 13180 |
| 5 | കോട്ടയം | 1052 | 4877 |
| 6 | ഇടുക്കി | 314 | 1467 |
| 7 | എറണാകുളം | 15184 | 23658 |
| 8 | തൃശ്ശൂർ | 4324 | 13419 |
| 9 | പാലക്കാട് | 2575 | 8429 |
| 10 | മലപ്പുറം | 3031 | 8141 |
| 11 | കോഴിക്കോട് | 1285 | 13122 |
| 12 | വയനാട് | 75 | 2787 |
| 13 | കണ്ണൂർ | 1186 | 6840 |
| 14 | കാസർഗോഡ് | 831 | 2130 |
| **ആകെ** | | **39807** | **118947** |

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം - ഭൂമി തരം മാറ്റം അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഉത്തരവാകുന്നത് - സംബന്ധിച്ച്

**റവന്യൂ (പി) വകുപ്പ്**

സ.ഉ.(കൈ) നം.56/2022/RD തീയതി,തിരുവനന്തപുരം, 22-02-2022

| | |
|---|---|
| പരാമർശം:- | ഭൂമി തരം മാറ്റം അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് ലാൻഡ് റവന്യൂ കമ്മീഷണർ ലഭ്യമാക്കിയ പ്രൊപ്പോസൽ |

**ഉത്തരവ്**

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം സംസ്ഥാനത്ത്, നിലവിൽ 27 റവന്യൂ ഡിവിഷണൽ ഓഫീസുകളിലായി 1,12,539 അപേക്ഷകൾ തീർപ്പാക്കാനായി ശേഷിക്കുന്നുണ്ട്. 25 സെന്റ് വരെ വിസ്തൃതിയുള്ള വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ തരം മാറ്റം, സൗജന്യ നിരക്കിൽ അനുവദിച്ചുകൊണ്ട്, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങളിൽ വന്നിട്ടുള്ള ഭേദഗതിയുടെ അടിസ്ഥാനത്തിലും, സംസ്ഥാനത്ത് ഭൂമിയുടെ കരം അടവ് പൂർണ്ണമായും ഓൺലൈൻ ആക്കി മാറ്റിയതിനാൽ കരം രസീതിയിലൂടെ ഭൂമിയുടെ തരം മനസ്സിലാക്കുവാൻ കഴിഞ്ഞതിനാലും, തരം മാറ്റത്തിനുള്ള അപേക്ഷകളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ, ഭൂമി തരം മാറ്റ അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി കൈക്കൊള്ളേണ്ടുന്ന തീരുമാനം സംബന്ധിച്ച്, പരാമർശ പ്രകാരമുള്ള പ്രൊപ്പോസൽ ലാൻഡ് റവന്യൂ കമ്മീഷണർ ലഭ്യമാക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം, തരം മാറ്റത്തിനുള്ള അപേക്ഷകൾ ക്രമാതീതമായി വർദ്ധിച്ച സാഹചര്യത്തിൽ, പ്രസ്തുത അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി ചുവടെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ, മന്ത്രിസഭായോഗ തീരുമാനത്തിന്റെ സാധൂകരണത്തിന് വിധേയമായി ഉത്തരവാകുന്നു.

1) ജൂനിയർ സൂപ്രണ്ടുമാരെ സെലക്ട് ലിസ്റ്റിൽ നിന്നും താത്ക്കാലികമായി ഉദ്യോഗക്കയറ്റം നൽകിയും, ക്ലാർക്ക്/ഡാറ്റാ എൻട്രി ഓപ്പറേറ്റർ, എന്നിവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിച്ച

കൊണ്ടും, 990 താത്ക്കാലിക തസ്തികകൾ 6 മാസത്തേക്ക് ചുവടെ ചേർത്ത പ്രകാരം സൃഷ്ടിച്ച് ഉത്തരവാകുന്നു.

a) 5000 - ൽ അധികം അപേക്ഷകൾ തീർപ്പാക്കാനുള്ള 9 റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ, 1 ജൂനിയർ സൂപ്രണ്ട്, 4 ക്ലാർക്ക്, 1 ഡേറ്റാ എൻട്രി ഓപ്പറേറ്റർ.

b) 2000 - 5000 ഇടയ്ക്ക് അപേക്ഷകൾ തീർപ്പാക്കാനുള്ള 9 റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ, 1 ജൂനിയർ സൂപ്രണ്ട്, 2 ക്ലാർക്ക്, 1 ഡേറ്റാ എൻട്രി ഓപ്പറേറ്റർ.

c) 1000 - 2000 ഇടയ്ക്ക് അപേക്ഷകൾ തീർപ്പാക്കാൻ അവശേഷിക്കുന്ന 5 റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ, 2 ക്ലാർക്ക്, 1 ഡേറ്റാ എൻട്രി ഓപ്പറേറ്റർ.

d) 5000 - ൽ അധികം അപേക്ഷകൾ തീർപ്പാക്കാനുള്ള 9 റവന്യൂ ഡിവിഷണൽ ഓഫീസുകളുടെയും , 2000 - 5000 ഇടയ്ക്ക് അപേക്ഷകൾ തീർപ്പാക്കാനുള്ള 9 റവന്യൂ ഡിവിഷണൽ ഓഫീസുകളുടെയും, പരിധിയിൽ വരുന്ന 51 താലൂക്കുകളിൽ, 1 ക്ലാർക്ക്, 3 സർവ്വേയർ.

e) അപേക്ഷകളുടെ എണ്ണം 100-ന് മുകളിൽ വരുന്ന വില്ലേജുകളിൽ, ഭൂമിയുടെ തരം മാറ്റൽ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിന് മാത്രമായി, ഒരു ക്ലാർക്ക്.

2) 1000-ൽ താഴെ അപേക്ഷകൾ നിലനിൽക്കുന്ന 4 റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ, നിലവിലുള്ള സ്റ്റാഫിന് പുറമേ, വകുപ്പിനുള്ളിൽ നിന്നു തന്നെ അധിക ജീവനക്കാരെ നിയമിച്ച് അപേക്ഷ തീർപ്പാക്കേണ്ടതാണ്.

3) ഫീൽഡ് പരിശോധനക്കായി 2 വില്ലേജുകളിൽ ഒരു വാഹനം എന്ന നിലയ്ക്ക് 6 മാസത്തേയ്ക്ക് വാടകയ്ക്ക് വാഹനസൗകര്യം അനുവദിച്ച് ഉത്തരവാകുന്നു. (വാഹനം :- എണ്ണം - 340, മാസവാടക - 35,000/- രൂപ)

4) അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായുള്ള ഐ.റ്റി അനുബന്ധ സൗകര്യങ്ങൾക്ക് വേണ്ടുന്ന ഉപകരണങ്ങളായ, കമ്പ്യൂട്ടർ, സ്കാനർ, പ്രിന്റർ എന്നിവയ്ക്ക് ആകെ 5,99,93,000/- രൂപ (അഞ്ച് കോടി തൊണ്ണൂറ്റി ഒൻപത് ലക്ഷത്തി തൊണ്ണൂറ്റി മൂവായിരം രൂപ) അനുവദിച്ച് ഉത്തരവാകുന്നു.

5) മേൽ പ്രകാരമുള്ള ആവശ്യത്തിലേയ്ക്കായി, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ 27ഡി വകുപ്പ് പ്രകാരമുള്ള കാർഷിക അഭിവൃദ്ധി ഫണ്ടിലേക്ക് പ്രാഥമികമായി 10 കോടി രൂപ അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ .എ .ജയതിലക് ഐ എ എസ്**

**അഡീഷണൽ ചീഫ് സെക്രട്ടറി**

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർമാർക്കും

എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസർമാർക്കും

ധനകാര്യ വകുപ്പ്

നിയമ വകുപ്പ് (10.02.2022-ലെ Exp-A1/62/2022 കുറിപ്പ് പ്രകാരം)

പൊതുഭരണ (എസ്.സി) വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (A & E), കേരള, തിരുവനന്തപുരം.

ഐ & പി. ആർ. ഡി വകുപ്പ് - (വിപുലമായ പ്രചാരണത്തിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.മുഖ്യമന്ത്രിയുടെ പി.എസ്-ന്

ബഹു.റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസ്-ന്

ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്

ബഹു.റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്